പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 133

27-06-2011-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്കുള്ള ഇൻഷ്വറൻസ്

ചോദ്യം

ശ്രീ. സി. കെ. സദാശിവൻ

മറുപടി

* ശ്രീ ഉമ്മൻ ചാണ്ടി
(ബഹു. മുഖ്യമന്ത്രി)

എ) മത്സ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസ് തുക എന്നാണ് വർദ്ധിപ്പിച്ചതെന്നും എത്ര തുകയാണ് വർദ്ധിപ്പിച്ചതെന്നും വ്യക്തമാക്കുമോ;

എ) മത്സ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസ് തുക 7-12-09 മുതൽ 1 ലക്ഷം രൂപയിൽ നിന്ന് 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

ബി) മത്സ്യത്തൊഴിലാളി ക്ഷേമബോർഡിൽ അംഗത്വമുള്ള എല്ലാ തൊഴിലാളികൾക്കും ഇതിന്റെ ആനുകൂല്യം ലഭിക്കുമോ; എത്ര തൊഴിലാളികളാണ് ഇപ്പോൾ അംഗമായിട്ടുള്ളത്;

ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള എല്ലാ തൊഴിലാളികൾക്കും ആവശ്യമായ രേഖകൾ സഹിതം അപേക്ഷിക്കുന്ന മുറയ്ക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നതാണ്. 2010-11 വർഷത്തിൽ പ്രസിദ്ധീകരിച്ച മത്സ്യത്തൊഴിലാളികളുടെ പട്ടിക പ്രകാരം 236413 മത്സ്യത്തൊഴിലാളികളാണ് ഇപ്പോൾ അംഗങ്ങളായിട്ടുള്ളത്. കൂടാതെ മത്സ്യബന്ധന മേഖലയിൽ പണിയെടുക്കുന്ന 65907 അനുബന്ധത്തൊഴിലാളികളും അംഗങ്ങളായിട്ടുണ്ട്.

സി) മത്സ്യബന്ധനത്തിനിടയിൽ അപകട മരണം സംഭവിക്കുന്നവർക്കും, സ്ഥിരമായ അംഗവൈകല്യം സംഭവിക്കുന്നവർക്കും തൊഴിലിനിടയിൽ ഹൃദയസ്തംഭനം വന്നുമരിക്കുന്നവർക്കും എത്ര രൂപ വീതമാണ് ഇൻഷ്വറൻസ് തുകയായി ലഭിക്കുന്നത്;

സി) മത്സ്യബന്ധനത്തിനിടയിൽ അപകടം മൂലം കാണാതാവുന്നവർക്കും അപകട മരണം സംഭവിക്കുന്നവർക്കും, സ്ഥിരവും പൂർണ്ണവുമായ അവശത സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും സ്ഥിരവും ഭാഗികവുമായ അവശത സംഭവിക്കുന്നവർക്ക് 1 ലക്ഷം രൂപയും, സ്ഥിരമായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് അവശതയുടെ തോതനുസരിച്ച് ഇൻഷ്വർ തുകയുടെ നിശ്ചിത ശതമാനം തുകയും ഇൻഷ്വറൻസ് ധനസഹായമായി ലഭിക്കുന്നു. എന്നാൽ ഇൻഷ്വറൻസ് പദ്ധതി മാർഗ്ഗരേഖ പ്രകാരം ഹൃദയസ്തംഭനം മൂലം മരണമടയുന്നവരുടെ ആശ്രിതർക്ക് ധനസഹായം അനുവദനീയമല്ലാത്തതിനാൽ നിലവിൽ തൊഴിലിനിടയിൽ ഹൃദയസ്തംഭനം മൂലം മരണമടയുന്നവർ ഇൻഷ്വറൻസ് പരിരക്ഷയുടെ പരിധിയിൽ ഉൾപ്പെടുന്നില്ല.

ഡി) ഇവരുടെ പ്രീമിയം തുക എത്രയെന്നും പ്രീമിയം ആരാണ് അടയ്ക്കുന്നതെന്നും അറിയിക്കുമോ?

ഡി) ഇൻഷ്വറൻസ് പദ്ധതി സംസ്ഥാന സർക്കാർ അതത് വർഷത്തെ ബജറ്റിൽ വകയിരുത്തുന്ന തുക വിനിയോഗിച്ചാണ് പ്രീമിയം അടയ്ക്കുന്നത്. ഇതിനായി 2010-11 വർഷത്തിൽ ആളോഹരി പ്രീമിയമായി സർവ്വീസ് ടാക്സ് ഉൾപ്പെടെ 46.33 രൂപയാണ് അടച്ചിട്ടുള്ളത്. ഇതു പ്രകാരം 236413 മത്സ്യത്തൊഴിലാളികൾക്കായി 109.48 ലക്ഷം രൂപയും 65907 അനുബന്ധ തൊഴിലാളികൾക്കായി 30.53 ലക്ഷം രൂപയും പ്രീമിയമായി അടച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ